<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2471</u> <u>30-09-2025 - ൽ മറുപടിയ്ക്ക്</u>

<u>ഉമ്മളത്തൂർ താഴം, പയ്യാനക്കൽ പട്ടർകൊടി എന്നീ കളിസ്ഥലങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025 - 26 ബജറ്റിൽ ഇരുപത് ശതമാനം തുകയനുവദിച്ച കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ഉമ്മളത്തൂർ താഴം കളിസ്ഥലം, പയ്യാനക്കൽ പട്ടർകൊടി കളിസ്ഥലം എന്നിവയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ? | (എ) | *ഉമ്മളത്തൂർ കളിസ്ഥലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് നഗരസഭാ ധനകാര്യ സ്ഥിരം സമിതിയുടെ ശിപാർശ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ച് വരുന്നു.*<br><br>*പയ്യാനക്കൽ കളിസ്ഥലത്തിനായി കോഴിക്കോട് താലൂക്കിലെ പന്നിയങ്കര വില്ലേജിൽ റീസർവ്വെ 297/2-ൽപ്പെട്ട 1.63 ഏക്കർ സ്ഥലം ആർ ഒന്നിന് 19,66,015/- രൂപ കണക്കാക്കി ബഡ്ജറ്റിൽ മുൻകൂട്ടി കാണാൻ കഴിയാത്ത പ്രവർത്തികൾക്കായി മാറ്റിവച്ച തുകയിൽ നിന്നും അനുവദിയ്ക്കുന്നതിന് 16.09.2025-ൽ ചേർന്ന കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ അജണ്ട 9-ലെ തീരുമാനം നം.1 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.* |

സെക്ഷൻ ഓഫീസർ